LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് നിരക്കുവർദ്ധനയ്ക്ക് ഇടവരുമെന്ന് കരുതുന്നില്ല. എന്നാൽ നാളിതുവരെ സംസ്ഥാന റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യു കമ്മി 6862.87 കോടി രൂപ വരുംവർഷങ്ങളിലെ താരിഫിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത കണക്കുപ്രകാരം കെ.എസ്.ഇ.ബി.ക്ക് ഒരു യൂണിറ്റിന് '11' പൈസയുടെ റവന്യു കമ്മി ഉണ്ടാകുന്നുണ്ട്. പ്രസ്തുത റവന്യു കമ്മി കുറയ്ക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്.

1. കുറഞ്ഞനിരക്കിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾമൂലം വരുമാനം വർദ്ധിപ്പിച്ച്, നിരക്ക് വർദ്ധനവ് തടയുന്നതാണ്.

2. കൂടിയ നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ നിരക്കിലുള്ള വായ്പകൾ എടുക്കുന്നതാണ്.

3. ബോർഡ്, ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ നഷ്ടം കുറയ്ക്കുന്നതിന് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ വരുമാനം വർദ്ധിപ്പിച്ച് നിരക്ക് വർദ്ധനവ് തടയുന്നതാണ്.

നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

19(*19) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിമന്റ്, കമ്പി, പി.വി.സി, ഇലക്ട്രിക്കൽ സാമഗ്രികളുടെ വില വർദ്ധന, കൂലി വർദ്ധന എന്നിവമൂലം നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

&

(സി) നിർമ്മാണ സാമഗ്രികൾ വിലക്കുറവിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വില കൂടുന്നതുകാരണം നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 വ്യാപനം ഈ പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന് ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇപ്പോൾ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ള സിമന്റ് ഫാക്ടറികൾ ഭൂരിഭാഗവും സംസ്ഥാനത്തിന് പുറത്താണ്. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വിലനിർണ്ണയത്തിൽ ഇടപെടാൻ സർക്കാരിനു സാധിക്കും. എന്നിരുന്നാലും സർക്കാർ സിമന്റ്/സ്റ്റീൽ ഉല്പാദകരുടെ യോഗം 1-6-2021-ൽ വിളിച്ചിരുന്നു. അതിനുശേഷം ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി ഗണ്യമായ കുറവ് വിലയിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു താത്കാലിക ആശ്വാസ മെന്ന നിലയിൽ മലബാർ സിമന്റ്സിനോട് നിലവിലെ വിൽപ്പന വിലയിൽ 5 രൂപ കുറച്ച് വിൽക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിലവിൽ വന്ന ലോക്ക്ഡൗൺ സമസ്ത മേഖലകളെയും കൂടാതെ ധാതുഖനനം, ചരക്കുകടത്ത് എന്നിവയെയും ബാധിക്കുകയും തത്ഫലമായി ഉണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാൻ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കരിങ്കൽ ക്വാറികളുടെ പ്രവർത്തനം തുടങ്ങാൻ നടപടിയായിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾക്ക് ചരക്ക് ഗതാഗതതടസ്സം വരാതെയിരിക്കാനും കടകൾ ഭാഗികമായി തുറക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് വ്യാപനത്തോടനുബന്ധിച്ച് ഖനന മേഖലയിലെ പ്രതിസന്ധികളെയും അതിലൂടെ നിർമ്മാണ മേഖലയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെയും മറികടക്കുന്നതിന് ടി കാലയളവിലുണ്ടായിരുന്ന ഖനനാനുമതിയുടെ കാലാവധി സർക്കാർ ഒരു വർഷം കൂടി ദീർഘിപ്പിച്ചു. പ്രാദേശികതലത്തിൽ പരിഹാരം കാണാൻ കഴിയുന്ന വിഷയങ്ങളിൽ ചർച്ച ചെയ്ത് പരിഹാരം കാണാൻ അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ക്രൗഡ് ഫണ്ടിംഗ്

20(*20) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) ചികിത്സയുടെയും മറ്റും പേരിൽ എത്തുന്ന ക്രൗഡ് ഫണ്ടിംഗ് സർക്കാർ നിരീക്ഷിക്കണമെന്ന ഹൈക്കോടതിയുടെ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?